




# നവസാമൂഹികതയുടെ ചരിത്രം

**സിവിൽ സമൂഹാധിഷ്ഠിതമായ അതിജീവന പ്രസ്ഥാനങ്ങൾ ഇടതു വലതു യാഥാസ്ഥിതിക രാഷ്ട്രീയത്തെ ആഴത്തിൽ വെല്ലുവിളിക്കുകയും അവരുടെ കാലഹരണപ്പെട്ട ആശയ ലോകത്തെ കടന്നാക്രമിക്കുകയും ചെയ്തു എന്നതാണ് 80കൾ മുതൽ കേരള രാഷ്ട്രീയത്തെ വ്യത്യസ്തമാക്കിയത്**

**ഡോ. ടി.ടി. ശ്രീകുമാർ**

**കേരളീയ** യാഥാർത്ഥ്യങ്ങളുടെ രാഷ്ട്രീയവും സാമൂഹികശാസ്ത്ര പരവുമായ വിശകലനമെന്നത് കേവലമായ ബൗദ്ധിക സൈദ്ധാന്തിക വ്യായാമമല്ല. മാറുന്ന രാഷ്ട്രീയ ഏജൻസിയെക്കുറിച്ചും ഘടനകളെ കുറിച്ചുമുള്ള ഉത്കണ്ഠകളും ആവേശങ്ങളും വിമർശനങ്ങളുമടങ്ങുന്ന സജീവവും സക്രിയവുമായ അന്വേഷണങ്ങളുടെ ഇടമാണത്. കഴിഞ്ഞ രണ്ടു ദശാബ്ദക്കാലത്തെ എന്റെ ലേഖനങ്ങളും പുസ്തകങ്ങളും പഠനങ്ങളും കേരളരാഷ്ട്രീയത്തിന്റെ ചരിത്ര സാംസ്കാരിക സന്ദർഭങ്ങളെ മനസ്സിലാക്കുന്നതുമായി ബന്ധപ്പെട്ട് എഴുതിയിട്ടുള്ളവയാണ്. ജനകീയ പ്രതിരോധത്തിന്റെ സമകാലരൂപങ്ങളെ സൂക്ഷമമായി തൊട്ടറിയുന്നതിനും, അതിന്റെ അടിസ്ഥാനത്തിൽ പുലർത്തുന്ന രാഷ്ട്രീയ ജാഗ്രതയിൽ നിന്ന് വിശകലന സമീപനങ്ങൾ വികസിപ്പിക്കുന്നതിനുമാണ് ഞാൻ തുടക്കം മുതൽ ശ്രമിച്ചുപോന്നിട്ടുള്ളത്. അതുകൊണ്ട് തന്നെ നവീന ഇടതുപക്ഷത്തിന്റേതായാലും ഉത്തരാധുനികതയുടെതായാലും വീക്ഷണങ്ങളെ രാഷ്ട്രീയ യാഥാസ്ഥിതികത്വത്തിന്റെ കുഴലൂത്തിനായി തികച്ചും വിമർശനാത്മകമായ അകലം പാലിച്ചിട്ടുണ്ട്. കേരളത്തിലെ ഇടതു - വലതു യാഥാസ്ഥിതികത്വത്തിന്റെ വിഭാഗീയ വീക്ഷണങ്ങളെ നീതിവല്കരിക്കാനുള്ള മറയായി സ്റ്റാലിനിസ്റ്റ് - വലതുപക്ഷ ബുദ്ധിജീവികൾ ഇത്തരം ആശയങ്ങളെ ഉപയോഗിച്ചിട്ടുള്ള സാഹചര്യങ്ങളിൽ എന്റെ വിമതശബ്ദം എരിക്കാവുന്നത്ര ഉ



ച്ചത്തിൽ മുഴങ്ങുന്നതിന് ഞാൻ മടിച്ചിട്ടില്ല. അങ്ങേയറ്റം പ്രതിലോപരമായും, വികലമായും നവീന ഇടതുപക്ഷത്തിന്റെയും ഉത്തരാധുനികതയുടേയുമൊക്കെ സൈദ്ധാന്തികസമീപനങ്ങൾ ചർച്ചചെയ്യപ്പെടുമ്പോൾ, അതിനോട് വിയോജിക്കാൻ എനിക്കു ശക്തിപകർന്ന രാഷ്ട്രീയ ബൗദ്ധിക സാഹചര്യങ്ങളോട് എന്റെ ഇടപെടലുകൾ ഏറെ കടപ്പെട്ടിരിക്കുന്നു.

ജനകീയ പ്രതിരോധ സംഘങ്ങളുമായും പ്രക്ഷോഭങ്ങളുമായും വിദ്യാർത്ഥിജീവിതത്തിന്റെ അവസാനകാലം മുതൽ ഞാൻ പുലർത്തിയിട്ടുള്ള ഗാഢമായ സാമിപ്യങ്ങൾ, ഗവേഷകർ, അദ്ധ്യാപകർ എന്നീ നിലകളിൽ പുത്തൻ ഇടതുപക്ഷധാരകളും ഘടനാവാദാനന്തര ചിന്തകളും പരിചയിക്കുകയും പഠിയ്ക്കുകയും പിന്നീട് പഠിപ്പിയ്ക്കുകയും ചെയ്തതിലൂടെ ദൃഢമായ വിമർശനാത്മക പരിപ്രേക്ഷ്യങ്ങൾ, യാത്രകളിലൂടെയും നേരിട്ടും അല്ലാതെയുമുള്ള ആശയവിനിമയങ്ങളിലൂടെയും രൂപംകൊണ്ട അക്കാദമിക് ആക്ടിവിസ്റ്റ് സൗഭ്രാത്രങ്ങൾ നൽകിയ നൈതിക വിശ്വാസങ്ങൾ എന്നിവയെല്ലാം എന്റെ ഇടപെടലുകളെ തീർച്ചയായും സ്വാധീനിച്ചിട്ടുണ്ട്. ആഗോള മുതലാളിത്തത്തിന്റെ ഘടനകളെക്കുറിച്ചും മൂലധനരൂപങ്ങളുടെ വിച്ഛേദ നൈരന്തര്യങ്ങളെക്കുറിച്ചുള്ള രാഷ്ട്രീയ സമ്പദ് ശാസ്ത്രപരമായ ധാരണകൾ, ഘടനാവാദാനന്തര ചിന്തകളുമായി ബന്ധപ്പെട്ട് വികസിച്ചു വന്ന താത്വിക സംവാദങ്ങൾ പരിശോധിക്കുന്നതിലൂടെ ലഭിക്കുന്ന തിരിച്ചറിവുകൾ, സമഗ്രാധിപത്യ മുതലാളിത്ത വ്യവസ്ഥകളുടെ അടിസ്ഥാനയുക്തി സാദൃശ്യങ്ങളെക്കുറിച്ചുള്ള സംവാദങ്ങളിലൂടെ വകസിച്ചിട്ടുള്ള സൂക്ഷ്മാധികാരത്തെക്കുറിച്ചും ജൈവരാഷ്ട്രീയത്തെക്കുറിച്ചുമുള്ള സാമൂഹ്യശാസ്ത്രപരമായ നിലപാടുകൾ, രീതിയെക്കുറിച്ചും രീതി വിദ്യയെക്കുറിച്ചും മാർക്സിസ്റ്റ്, മാർക്സിസ്റ്റിതര പരിപ്രേക്ഷ്യങ്ങൾ മുന്നോട്ട് വച്ചിട്ടുള്ള പരികൽപനകളും, ശാസ്ത്രത്തെയും സാങ്കേതിക വിദ്യയേയും സംബന്ധിച്ച് കഴിഞ്ഞ മൂന്നുദശകക്കാലത്തിനിടയിൽ അക്കാദമിക് മേഖലയിൽ നടന്നിട്ടുള്ള രാഷ്ട്രീയ നൈതിക സംവാദങ്ങളും അത്തരം വിഷയങ്ങളിൽ ഗവേഷകനും അദ്ധ്യാപകനും എന്ന നിലയിൽ നടത്തിയിട്ടുള്ള ഇടപെടലുകളിൽ നിന്ന് ലഭിച്ചിട്ടുള്ള പ്രായോഗിക സൈദ്ധാന്തിക ധാരണകളും എല്ലാം എന്നെ സംബന്ധിച്ചിടത്തോളം ചിന്തയെ നവീകരിക്കുന്നതിനും, സംവാദോന്മുഖമായ സമീപനങ്ങൾ കൈക്കൊള്ളുന്നതിനും സഹാ



യകമായ ഘടകങ്ങളായിരുന്നു. അതുകൊണ്ടു തന്നെ അത്തരം പരിപ്രേക്ഷ്യങ്ങളുടെ വികലവും വികൃതവുമായ കേരള ഭാഷ്യങ്ങളും അവയുടെ അനുകർത്താക്കളുടെ ഉപരിപ്ലവുമായ സ്വാശീകരണങ്ങളും എനിക്ക് സ്വീകാര്യമായി തോന്നിയിട്ടില്ല.

1980 – കളിൽ കേരളരാഷ്ട്രീയത്തിലുണ്ടായ ഗുണപരമായ മാറ്റത്തെക്കുറിയ്ക്കുന്നത് സിവിൽ സമൂഹാധിഷ്ഠിതമായ നവസാമൂഹിക പ്രസ്ഥാനങ്ങൾ നൽകിയ പ്രയോഗപരവും നൈതികവുമായ ഉണർവ്വുകളാണ്. പരിസ്ഥിതി സമരങ്ങൾ, പെൺപ്രതിരോധങ്ങൾ, പാർശ്വവൽക്കൃത ദളിത്–ആദിവാസി സമൂഹങ്ങളുടെ സ്വത്വപരമായ രാഷ്ട്രീയ മുന്നേറ്റങ്ങൾ, മനുഷ്യാവകാശ – ജനാധിപത്യ പ്രക്ഷോഭങ്ങൾ, സെക്കുലർ സംസ്കാരമെന്ന ഭരണകൂടസമീപനത്തെ വെല്ലുവിളിച്ചുകൊണ്ട് ഹിന്ദുത്വ ഭൂരിപക്ഷ മതാധികാരത്തിനെതിരേ ഉയർന്നുവന്ന വിശാലമായ ഫാസിസ്റ്റ് വിരുദ്ധ മുന്നേറ്റങ്ങൾ, സഹനസമരമെന്ന ആശയത്തിനുതന്നെ പുതിയ മൂർത്തരൂപങ്ങൾ നൽകിയ മുത്തങ്ങ, ചെങ്ങറ, മൂലമ്പള്ളി, പ്ലാച്ചിമട, കാസർഗോഡ് തുടങ്ങിയ സിവിൽ സമൂഹാധിഷ്ഠിതമായ അതിജീവന പ്രസ്ഥാനങ്ങൾ തുടങ്ങിയവയെല്ലാം, കേരളത്തിലെ ഇടതു വലതു യാഥാസ്ഥിതിക രാഷ്ട്രീയത്തെ ആഴത്തിൽ വെല്ലുവിളിക്കുകയും അവരുടെ കാലഹരണപ്പെട്ട ആശയ ലോകത്തെ കടന്നാക്രമിക്കുകയും ചെയ്തു എന്നതാണ് 1980–കൾ മുതൽ കേരള രാഷ്ട്രീയത്തെ തികച്ചും വ്യത്യസ്ഥമാക്കിയത്. കരുത്തുറ്റ ഒരു മൂന്നാം ശക്തിയായി കേരളത്തിലെ സിവിൽ സമൂഹം ശക്തിപ്പെട്ടത് ഈ പ്രയോഗങ്ങളുടെ പശ്ചാത്തലത്തിലാണ്.

ഇത്തരം സമരങ്ങളോട് സഹഭാവം കൊള്ളുകയും അവയോടൊപ്പം സഞ്ചരിയ്ക്കുകയും ചെയ്യുക എന്ന രാഷ്ട്രീയമായ ഉത്തരവാദിത്തത്തോടെ, സാമൂഹിക–സൈദ്ധാന്തിക സംവാദങ്ങളിൽ പങ്കെടുക്കുക എന്ന നിലപാടാണ് ഞാൻ കൈക്കൊള്ളാൻ ശ്രദ്ധിച്ചിട്ടുള്ളത്. 'ചരിത്രവും ആധുനികവും', 'ഉത്തരാധുനികതയ്ക്കപ്പുറം', 'ഇടതുപക്ഷവും സിവിൽ സമൂഹവും' തുടങ്ങിയ പല മുൻകാല പുസ്തകങ്ങളിലും ഞാൻ പുലർത്താൻ ശ്രമിച്ചിട്ടുള്ള സംവാദോന്മുഖതയും സൈദ്ധാന്തികാന്വേഷണങ്ങളോടുള്ള വിമർശനാത്മകമായ പ്രതിബദ്ധതയും ഈ പുസ്തകത്തിലെ പഠനങ്ങളിലും വായനക്കാർക്ക് കാണുവാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നുണ്ട്. അച്ചടിമാദ്ധ്യമങ്ങളിലും സൈബർ സ്ഥലിയിലെ സമൂഹിക മാദ്ധ്യമങ്ങളിലും എന്റെ ആശയങ്ങൾ ചർച്ചചെയ്യപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്തിട്ടുള്ളത് കേരളത്തിന്റെ ജനാധിപത്യ പാരമ്പര്യത്തിന്റെ അടയാളമായി മാത്രമേ ഞാൻ കണ്ടിട്ടുള്ളു. ഡോ. കെ.എൻ. ഗണേശ്, സി.ആർ. നീലകണ്ഠൻ, ബി. രാജീവൻ, സി.പി. നാരായണൻ തുടങ്ങി കേരളത്തിലെ സ്റ്റാലിനിസ്റ്റ് രാഷ്ട്രീയത്തിനുചുറ്റും നിലയുറപ്പിച്ചിട്ടുള്ള നിരവധിയാഥാസ്ഥിതിക ബുദ്ധിജീവികൾ എന്നെ രൂക്ഷമായി വിമർശിച്ചിട്ടുള്ളപ്പോൾ തന്നെ, ജെ.ദേവിക കെ.കെ. ബാബുരാജ്, സിവിക്ചന്ദ്രൻ, സി.ആർ.പരമേശ്വരൻ, സി.എസ്. ചന്ദ്രിക, കെ.വേണു, കെ.അജിത തുടങ്ങി നവരാഷ്ട്രീയത്തിന്റെ ജാഗ്രതകൾ ഉൾക്കൊള്ളാൻ ശ്രമിയ്ക്കുന്ന ഒട്ടനവധി ആക്ടിവിസ്റ്റുകളും എഴുത്തുകാരും ക്രിയാത്മകമായി എന്റെ രാഷ്ട്രീയത്തോടും പഠനങ്ങളോടും പ്രതികരിച്ചിട്ടുണ്ട്. നവസാമൂഹികതയുടെ രാഷ്ട്രീയത്തെ കൂടുതൽ ശക്തമാക്കുന്നതിനും അതിന്റെ സങ്കീർണ്ണതകൾ ആഴത്തിൽ വിശകലനം ചെയ്യുന്നതിനും ഇത്തരം വിമർശനങ്ങളും സംവാദങ്ങളും വലിയ പങ്കുവഹിച്ചിട്ടുണ്ട്. നവസാമൂഹികതയുടെ രാഷ്ട്രീയം ഉയർത്തിപ്പിടിയ്ക്കുന്ന 'പാഠഭേദം' 'കേരളീയം' തുടങ്ങിയ പ്രസിദ്ധീകരണങ്ങളുമായും അതിന്റെ പ്രവർത്തകരുമായും എനിയ്ക്കുള്ള ദീർഘകാലബന്ധം ഈ ചർച്ചകളിൽ സജീവമായി പങ്കെടുക്കാനും പുതിയ ആശയങ്ങളും വീക്ഷണങ്ങളും അവതരിപ്പിക്കാനും എന്നെ സഹായിച്ചിട്ടുണ്ട്.

മുഖ്യധാരാ മാദ്ധ്യമങ്ങളിൽനിന്ന് ഒഴിഞ്ഞുനിന്നിട്ടുള്ള ഒരാളല്ല ഞാൻ. അതുകൊണ്ടുതന്നെ, എന്റെ പഠനങ്ങളിൽ പലതും വലിയ വായനാസമൂഹങ്ങളുമുള്ള ആഴ്ച്ചപ്പതിപ്പുകളിലും പ്രസിദ്ധീകരിയ്ക്കപ്പെട്ടിട്ടുണ്ട്. മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിലും പത്രങ്ങളിലും നടന്നിട്ടുള്ള തുടർചർച്ചകളിൽ ഉയർന്നുവന്നിട്ടുള്ള ഭിന്നാഭിപ്രായങ്ങളും നിരീക്ഷണങ്ങളും ശ്രദ്ധിയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഉപരിചർച്ചകൾക്ക് തയ്യാറെടുക്കുകയും ചെയ്യുക എന്ന സമീപനമാണ് ഇക്കാര്യത്തിൽ ഞാൻ പുലർത്തിയിട്ടുള്ളത്.

'ഇടതുപക്ഷവും സിവിൽ സമൂഹവും' എന്ന പുസ്തകത്തിനുശേഷം എഴുതപ്പെട്ട ലേഖനങ്ങളിൽ സമാഹരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധീകരണമെന്ന് ഞാൻ വിചാരിച്ചിരുന്നെങ്കിലും പ്രതീക്ഷാബുക്സിന്റെ പ്രവർത്തകർ സമദ് കുന്നക്കാവ് പുതിയ പുസ്കതമെന്ന ആശയവുമായി വരികയും, ലേഖനങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തതുകൊണ്ടാണ് അതിവേഗത്തിൽ ഇത് പ്രസിദ്ധീകരിക്കുവാൻ സാധിച്ചത്. കാലികമായ വിഷയങ്ങളിലുള്ള ചർച്ചകൾ അവതരിപ്പിക്കുന്നതിന് കാലവിളംബം ഉണ്ടാകുന്നത് ഒഴിവായത് അദ്ദേഹത്തിന്റെ പരിശ്രമംകൊണ്ടാണ്. ഇതിലെ പഠനങ്ങളിൽ അവതരിപ്പിയ്ക്കുവാൻ ശ്രമിയ്ക്കുന്ന ആശയങ്ങൾ സുമേഷ് മംഗലശ്ശേരി, അനിവർ അരവിന്ദ്, ദാമോദർ പ്രസാദ്, ബിന്ദുമേനോൻ, സി.എസ്. ജയചന്ദ്രൻ, എസ്. സഞ്ജീവ്, ഷിഹാബുദ്ധീൻ പൊയതുംകടവ്, ഗോപകുമാർ തുടങ്ങിയയുവസുഹൃത്തുക്കളുമായി പങ്കുവച്ചിട്ടുള്ളവയാണ്. കമൽറാം സജീവ് (മാതൃഭൂമി), എൻ.പി. സജീഷ് (മാദ്ധ്യമം), കെ.സി. നാരായണൻ (ഭാഷാപോഷിണി) എന്നിപത്രാധിപസുഹൃത്തുക്കൾ നവസാമൂഹികതയുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് നൽകിയിട്ടുള്ള പ്രാധാന്യവും ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുന്നുണ്ട്. പി.എ. വാസുദേവൻ, എം.ഗംഗാധരൻ, കെ. സുനിൽകുമാർ, ഫാ. ജോർജ്ജ് പുലികുത്തിയിൽ, ബി.ആർ.പി. ഭാസ്കർ, കെ. അരവിന്ദാക്ഷൻ, കെ.പി. രാമനുണ്ണി, എന്നിവരുമായുള്ള ആശയവിനിമയങ്ങളും, സുദീർഘമായ സംഭാഷണങ്ങളും നവസാമൂഹികതയുടെ രാഷ്ട്രീയത്തെക്കുറിച്ചുള്ള വ്യത്യസ്ഥ നിലപാടുകൾ മനസ്സിലാക്കുന്നതിന് എന്നെ സഹായിച്ചിട്ടുണ്ട്. ഇവർക്കും എന്റെ ധൈഷണിക ലോകത്ത് സൗഹൃദത്തിന്റേയും അന്വേഷണത്തിന്റേയും അന്വേഷണത്വരയുടേയും ചൂടും വെളിച്ചവും പകരുന്ന ഞാൻ ഇവിടെ പേരു സൂചിപ്പിക്കാൻ വിട്ടുപോയിട്ടുള്ള മറ്റുസുഹൃത്തുക്കൾക്കും ഞാൻ നന്ദിപറയുകയാണ്. ഒപ്പം ക്ലാസുമുറികളെ സജീവസംവാദവേദികളാക്കി മാറ്റി ഓരോ ദിവസവും എന്റെ ചിന്താപരമായ പരിധികളേയും പരിമിതകളേയും പിടിച്ചു കുലുക്കുന്ന എന്റെ പ്രിയപ്പെട്ട വിദ്യാർത്ഥികൾക്കും.

(പ്രതീക്ഷാ ബുക്സ്, കോഴിക്കോട് പ്രസിദ്ധീകരിച്ച ഡോ. ടിടി. ശ്രീകുമാറിന്റെ നവസാമൂഹികത: ചരിത്രം, രീഷ്ട്രീയം, സംസ്കാരം' എന്ന പുസ്തകത്തിന്റെ ആമുഖം)